**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 388** **08-06-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | 2016-2021 കാലയളവിൽ സംസ്ഥാനത്തു പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 2016-2021 കാലയളവിൽ സംസ്ഥാനത്ത് പുതുതായി 68,256 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും, ആയതിലൂടെ 6365.06 കോടി രൂപയുടെ നിക്ഷേപവും 2,42,128 തൊഴിൽ അവസരങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സിഡ്കോയിൽ 2016-2017 കാലയളവിൽ 17 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. സിഡ്കോയുടെ പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ 15 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വനിതാ വ്യവസായ സംരംഭം ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ വർക്കല മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിനും ഒഴിവുള്ള ഷെഡ്ഡ്/ഭൂമി അനുവദിച്ചു നൽകുകയുണ്ടായി. ആയതിലൂടെ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ നിക്ഷേപവും 205 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ 19 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ഇൻഡസ്ട്രിയൽ പാർക്കുകളിലുമായി 70 യൂണിറ്റുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. 2016-2021 വരെയുള്ള കാലയളവിൽ 554 സംരംഭകർക്കാണ് കിൻഫ്ര പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | വിശദാംശങ്ങൾ നൽകാമോ? | (ബി) | 2016-2021 കാലയളവിൽ സംസ്ഥാനത്ത് പുതുതായി 68,256 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും, ആയതിലൂടെ 6365.06 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ നിക്ഷേപവും 2,42,128 തൊഴിൽ അവസരങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സിഡ്കോയിൽ 2016-2017 കാലയളവിൽ 17 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. സിഡ്കോയുടെ പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ 15 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വനിതാ വ്യവസായ സംരംഭം ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ വർക്കല മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിനും ഒഴിവുള്ള ഷെഡ്ഡ്/ഭൂമി അനുവദിച്ചു നൽകുകയുണ്ടായി. ആയതിലൂടെ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ നിക്ഷേപവും 205 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ 19 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ഇൻഡസ്ട്രിയൽ പാർക്കുകളിലുമായി 70 യൂണിറ്റുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. 2016-2021 വരെയുള്ള കാലയളവിൽ 554 സംരംഭകർക്കാണ് കിൻഫ്ര പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ